## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *426 05.02.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.എ.ബേബി<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.സാജുപോൾ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന പദ്ധതി വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക യഥാസമയം ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നതും അതുമൂലമുള്ള പ്രശ്നങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | എ) | സംസ്ഥാന പദ്ധതി വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക യഥാസമയം ലഭ്യമാക്കേണ്ട പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ട്. വീഴ്ച ഉള്ളതായി കാണുന്നില്ല. |
| ബി) | കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നുള്ള തുക സാമ്പത്തിക വർഷത്തിന്റെ നിശ്ചയിക്കപ്പെട്ട പാദങ്ങളിൽ തന്നെ പൂർണ്ണമായും നൽകാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ് ; അനുവദിച്ചതിന്റെ കൂടുതൽ ഭാഗവും വർഷാവസാനമായിരുന്നുവോ ; ഈ രീതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി) | കഴിഞ്ഞ രണ്ട് വർഷങ്ങളിലും വികസനത്തിനും സംരക്ഷണ പ്രവർത്തനങ്ങൾക്കും ഉള്ള ഫണ്ട് പത്ത് മാസതവണകളായും ജനറൽ പർപ്പസ് ഫണ്ട് (പൊതു ആവശ്യ ഫണ്ട്) പന്ത്രണ്ട് തവണകളായും നൽകിയിട്ടുണ്ട്. |
| സി) | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 25% തുകയും തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായോ ; ഓരോ വർഷത്തെയും പദ്ധതി വിഹിതത്തിന്റെ 25% എത്രയാണെന്നും, അതിൽ നൽകിയതെത്രയാണെന്നും വെളിപ്പെടുത്തുമോ ? | സി) | (തുക കോടിയിൽ) |

| വർഷം | പദ്ധതി വിഹിതം | പദ്ധതി വിഹിതത്തിന്റെ 25% | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക |
|---|---|---|---|
| 2010-11 | 10025 | 2506.25 | 2197.65 (22%) |
| 2011-12 | 12010 | 3002.5 | 2574.05 (21%) |
| 2012-13 | 14010 | 3502.5 | 3228 (23%) |
| 2013-14 | | | 4000 (23.5%) |
| 2014-15 | | | 4700 |

സെക്ഷൻ ഓഫീസർ